**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2147** **20-01-2021 - ൽ മറുപടിയ്ക്ക്**

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ . ബാബു | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രമായിരുന്ന കൊല്ലംങ്കോടിനെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായിരുന്ന എലവഞ്ചേരി, മുതലമട, പല്ലശ്ശന, അയിലൂർ,വടവന്നൂർ എന്നിവയെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളായിരുന്ന പുതുനഗരം, നെല്ലയാമ്പതി എന്നിവയേയും കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനമാണ് തുടങ്ങിയതെന്ന് വിശദമാക്കുമോ; | (ബി) | എഫ്.എച്ച്.സി കൊല്ലങ്കോട്, മുതലമട, പല്ലശ്ശന, അയിലൂർ എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നു. |
| (സി) | ബാക്കിയുള്ളതിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് സർക്കാർ വിശദമാക്കുമോ? | (സി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത എലവഞ്ചേരി, വടവന്നൂർ എന്നീ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത പുതുനഗരം, നെല്ലിയാമ്പതി എന്നീ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ അരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ